പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 58 — 19.03 2013 -ൽ മറുപടിക്ക്.

## സായുജ്യം ഭൂവികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ.<br>" കെ. മുരളീധരൻ.<br>" വർക്കല കഹാർ.<br>" പി.സി. വിഷ്ണുനാഥ് | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | **സായുജ്യം ഭൂവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;** | (എ) | സംസ്ഥാനത്തെ ചെറിയ ടൗണുകളിലും ഗ്രാമങ്ങളിലും ഇടത്തരം വരുമാനക്കാർക്ക് താങ്ങാനാവുന്ന വിലയ്ക്ക് ഭവന നിർമ്മാണത്തിനായി പ്ലോട്ടുകൾ ലഭ്യമാക്കുക എന്നതാണ് സായുജ്യം ഭൂ-വികസന പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം |
| (ബി) | **പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;** | (ബി) | ഉണ്ട്. കോട്ടയം ജില്ലയിലെ അയർക്കുന്നത്തും കാസർഗോഡ് ജില്ലയിലെ മാഥൂറും, ഭവനനിർ-മ്മാണ ബോർഡിൻെറ സ്വന്തം സ്ഥലങ്ങളിൽ സായുജ്യം ഭൂ- വികസന പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നതിനായി 12.12.2012 - ലെ സ.ഉ (എം.എസ്)നം.74/12/ഭവനം - ലൂടെ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | **ചെറിയ നഗരങ്ങളിലും ഗ്രാമങ്ങളിലും ഇടത്തരക്കാർക്ക് കുറഞ്ഞ വിലയ്ക്ക് പ്ലോട്ടുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;** | (സി) | സായുജ്യം ഭൂ-വികസന പദ്ധതി ഭവനനിർമ്മാണ ബോർഡ് സ്വാശ്രയാടിസ്ഥാനത്തിൽ നടപ്പിലാ-ക്കുന്ന പദ്ധതിയാണ്. പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പായി ഉപഭോക്താക്കളെ കണ്ടെത്തി അവരിൽ നിന്നും വിൽപ്പന വില ഘട്ടങ്ങളായി മുൻകൂറായി സ്വീകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. മൂന്നു തവണകളായാണ് വിൽപ്പന വില സ്വീകരിക്കുന്നത്. പദ്ധതിയ്ക്കായി കണ്ടെത്തുന്ന ഉപഭോക്താക്കളുമായി എഗ്രിമെൻറ് വച്ച് വിൽപ്പന വിലയുടെ 80% തുക പദ്ധതി തുടങ്ങുന്നതിനു മുമ്പായി സ്വീകരിക്കുന്നതും, ബാക്കി തുക 10% വീതമുള്ള രണ്ടു തവണകളായി 2 മാസത്തിലൊരിക്കൽ വീതം ശേഖരിക്കുന്നതുമാണ്. പൊതുലേലം/ക്വട്ടേഷൻ വ്യവസ്ഥയിൽ പ്ലോട്ടുകൾ വിൽക്കുന്നതാണ്. ഇതിനായുള്ള upset price ( അടിസ്ഥാനവില) പദ്ധതി പ്രദേശത്തിൻെറ സമീപ |

പ്രദേശങ്ങളിലെ വികസിത ഭൂമിയുടെ മാർക്കറ്റ് വില നിരക്ക് പരിശോധിച്ചാണ് നിശ്ചയിക്കുന്നത്. ഉപഭോക്താവിൻെറ ആവശ്യാർത്ഥം കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് Deposit work ആയോ മറ്റ് രീതികളിലോ സാങ്കേതിക സഹായം കൺസൽട്ടൻസി ഫീസ് ഈടാക്കി ബോർഡ് നൽകുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | ഇതിൻെറ ഗുണഭോക്താക്കളെ എങ്ങനെയാണ് കണ്ടെത്തുന്നത്; | (ഡി) | വീട് നിർമ്മാണത്തിനായി പ്ലോട്ടുകാം ആവശ്യമുള്ളവരും പ്ലോട്ടിൻെറ വിൽപ്പനവില ബോർഡിൽ മുൻകൂറായി അടയ്ക്കാൻ തയ്യാറുള്ളവരുമായ ഇടത്തരം വരുമാനക്കാരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഗുണഭോക്താക്കളെ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപായി കണ്ടെത്തി അവരിൽ നിന്നും വിൽപ്പന വില ഘട്ടങ്ങളിലായി മുൻകൂറായി സ്വീകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ പത്രപരസ്യത്തിലൂടെ/ബോർഡിൻെറ വെബ് സൈറ്റിലൂടെ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതും താൽപര്യമുള്ള ഉപഭോക്താക്കളെ ബോർഡ് നിശ്ച്ചയിക്കുന്ന upset price പ്രകാരം പൊതുലേലം/ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ കണ്ടെത്തുന്നതുമാണ്. |
| (ഇ) | പ്ലോട്ടുകൾ വാങ്ങുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ? | (ഇ) | പ്ലോട്ടുകളുടെ വിൽപ്പന വില ഉപഭോക്താവിൽ നിന്നും മൂന്നു തവണകളായാണ് സ്വീകരിക്കുന്നത്. പദ്ധതിയ്ക്കായി പൊതു ലേലം/ക്വട്ടേഷൻ നടപടി ക്രമങ്ങളിലൂടെ കണ്ടെത്തുന്ന ഉപഭോക്താക്കളുമായി എഗ്രിമെൻറ് വച്ച് വിൽപ്പന വിലയുടെ 80% തുക പദ്ധതി തുടങ്ങുന്നതിനു മുമ്പായി ശേഖരിക്കുന്നതും, ബാക്കി തുക 10% വീതമുള്ള രണ്ടുതവണകളായി പദ്ധതി കാലയളവിനുള്ളിൽ 2 മാസത്തിലൊരിക്കൽ വീതം ശേഖരിക്കുന്നതുമാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ